# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

# STD VIII

പാഠം 1

## സഭ : ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം

1. വിശ്വാസികളുടെ പിതാവ്?
അബ്രാഹം

2. ആരുടെ സന്താനപരമ്പരയാണ് ഇസ്രായേൽ എന്ന് അറിയപ്പെടുന്നത്?
യാക്കോബിന്റെ

3. മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹം?
സഭ

4. 'എക്ലേസിയ' എന്ന വാക്കിന്റെ അർത്ഥം?
വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം

5. വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നർത്ഥം വരുന്ന ഹീബ്രു പദം?
കഹാൽ

6. ദൈവത്തിന്റെ വിളിക്ക് അബ്രാഹം പ്രത്യുത്തരം നൽകിയത് എങ്ങനെ?
വിശ്വാസവും അനുസരണവും വഴി അബ്രാഹം ദൈവത്തിന് പ്രത്യുത്തരം നൽകി.

7. ദൈവം മോശയെ വിളിച്ചത് എന്തിന്?
ഇസ്രായേൽ ജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിന്

8. ഈശോ പുതിയ ഉടമ്പടി സ്ഥാപിച്ചതെങ്ങനെ?
അന്ത്യത്താഴ വേളയിൽ അപ്പവും വീഞ്ഞും സ്വന്തം ശരീരരക്തങ്ങളായി നൽകികൊണ്ട്

9. നാം ദൈവത്തിന്റെ സ്വന്തം ജനമാണെന്നു സൂചിപ്പിക്കുന്ന ഒരു ദൈവവചനമെഴുതുക?
"നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്." (1 പത്രോ. 2.9)

10. സഭാമക്കളായ നമ്മെ ദൈവം വിളിച്ചിരിക്കുന്നത് എന്തിനാണ്?
രക്ഷയിലേക്കും ദൈവപുത്രസ്ഥാനത്തേക്കുമാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്